
Drizzle

# DRIZZLE




മാഗസിൻ '24 ഗവ.എച്ച് എസ് എസ്
ചെറിയമുണ്ടം

സർഗാത്മകതയുടെ
ഈപൊടിപ്പുകൾ പടർന്ന്
പന്തലിച്ച് ഹൃദയത്തിൽ ഒരു
മാമ്പഴകാലം തീർക്കട്ടെ...

എഡിറ്റർ



അസ്ല നെസ്റി.കെ

# എഡിറ്റോറിയൽ ബോർഡ്

:റിൻഷഫാത്തിമ .ഒ എം

:ഹുസ്നമോൾ.പി

:ഷിഫാന.വി

:അശ്വതി. വി കെ

:ഫാത്തിമ ഹിസാന.വി കെ

:അൻഷിദ.കെ

:മുഹമ്മദ് റിഷാൽ.എൻ കെ

# സമർപ്പണം

അക്ഷരമധുരം നുകരാൻ കഴിയാത്തകുരുന്നുകൾക്ക്.......



# ഹെഡ് മാസ്റ്റർ



# സുനിൽ.ടി

# ഉള്ളടക്കം


ചരിത്രം 8

ജീവിത പാത 10

കാത്തിരിപ്പ് 11

അന്നും ഇന്നും എന്നും 11

സ്വരം 11

ഇത്തിൾക്കണ്ണി 11

ഉറുമ്പ് 12

കരിയില 12

തൻകൈ മാത്രമേതൻതലക്കിരിക്കൂ 14

ചോല 15

എലിയെ ചതിച്ച തവള 16

എന്റെ സ്കൂൾ 18

# ജി എച്ച് എസ് എസ് ചെറിയമുണ്ടം

**റവന്യൂ ജില്ല**
മലപ്പുറം

**വിദ്യാഭ്യാസ ജില്ല**
തിരൂരങ്ങാടി

**ഉപജില്ല**
താനൂർ

**പ്രധാന അധ്യാപകൻ**
സുനിൽ .ടി

**പി ടി എ പ്രസിഡന്റ്**
അബ്ദുൽ റഷീദ് സി ടി

**എം പി ഡി എ പ്രസിഡന്റ്**
ഫാത്തിമ

## ചെറിയമുണ്ടം ഹൈസ്കൂളിന്റെ ചരിത്രം

1962ൽ താനൂർനിയോജകമണ്ഡലത്തിലെ എം.എൽ.എ സ്ഥാനവും സ്പിക്കർ സ്ഥാനവും രാജിവെച്ച് ശ്രീ.സി.എ.ച്ച് മുഹമ്മദ് കോയ പാർലമെന്റിലേക്ക് നടന്ന തെരെഞ്ഞടുപ്പിൽ വിജയിച്ച എം.പി.ആയി .അപ്പോൾ ഒഴിവുവന്നഎം.എൽ.ഐ സ്ഥാനത്തേക്ക് തിരഞ്ഞെടുപ്പിന്കോൺഗ്രസ് സ്ഥാനാർത്ഥിയായി ശ്രീ.പി.കെ മൊയ്തീൻ കുട്ടിസാഹിബും മുസ്ലീം ലീഗിലെ ശ്രൃ.സി .എംകുട്ടിയും മത്സരരംഗത്ത് വന്നു കോൺഗ്രസ് സ്ഥാനാർത്ഥിക്കും വേണ്ടിയുളളതിരഞ്ഞെടുപ്പ് പ്രചാരണത്തിന് മുഖ്യമന്ത്രി ശ്രീ.ആർ.ശങ്കർ താനൂരിൽ വന്നപ്പോൾ താനൂർ ടി.ബി യിലാണ് വിശ്രൂമിച്ചത്. തദവസരത്തിൽ ആ മുറിയിൽ മുഖ്യമന്ത്രിയുടെ കൂടെ ഡി . സി . സി പ്രസിഡണ്ടയിരുന്ന മുക്കം സ്വദേശി ബി . മൊയ്തീൻ കോയഹാജിയും കള്ളിക്കൽ കുഞ്ഞീൻകുട്ടി എന്ന കോൺഗ്രസ്സ് നേതാവും തലക്കടത്തൂർ ഖാസി പാട്ടത്തിൽ ബിരാൻ കുട്ടി എന്ന മാന്യ

ഹാജിയുംഉണ്ടായിരുന്ന സംഭാഷണ മധ്യേ മുഖ്യമന്തി പാട്ടത്തിൽ ബീരാൻ കുട്ടി ഹാജിയോടും (പാറമ്പാട് മാനുഹാജി) കളളിക്കൽ ശ്രീ കുഞ്ഞീൻ കുട്ടിയോടും ഒരു ഹൈസ്കൂൾ പാസ്സാക്കിത്തരാം എന്നും പറഞ്ഞപ്പോൾ എന്റെകൈവശം സ്ഥലമുണ്ടെന്നും പറഞ്ഞു കൊണ്ട് പാട്ടത്തിൽ ബീരാൻ കുട്ടി ഹാജി മുന്നോട്ടു വന്നു.
അതൊരു മാനേജ്മെന്റ് സ്കൂളായി അനുവദിച്ച് തരാമെന്നായിരുന്നു പറഞ്ഞിരുന്നത് എനിക്ക് ഒരു ഗവൺമെന്റ് സ്കൂളാണ് ആവശ്യമെന്നും സാമ്പത്തികമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്ന ജനങ്ങൾക്ക് ഒരു ആശ്രയംആകാനും വേണ്ടിയാണ് ഞാൻ ഇത് തുടങ്ങുന്നത് എന്ന ബീരാൻ കുട്ടി ഹാജിയുടെ അഭിപ്രായത്തോട് യോജിപ്പ് തോന്നിയ മുഖ്യമന്ത്രി സി.സി.സി.പ്രസിഡണ്ടിന്റേയും കുഞ്ഞിൻ കുട്ടിയുടെയും മാനുഹാജിയുടേയും നേതൃത്വത്തിൽ നാട്ടുനന്മയ്ക്കുവേണ്ടി ഒരു കമ്മിറ്റിയുണ്ടാക്കി 5ഏക്കർ സ്ഥലം സംഘടിപ്പിച്ച് റിപ്പോർട്ടുമായി തിരുവന്തപുരത്ത് എത്താൻ ആവശ്യപ്പെട്ടു.
ഇലക്ഷനുശേഷം തലക്കടത്തൂർ അങ്ങാടിയിലെ അരിക്കനേറ്റ് സോസൈറ്റി ഓഫിസിൽ ചേർന്ന കോൺഗ്രസ്സ് യോഗത്തിൽ ഇതിന് പൂർണ പിന്തുണ കിട്ടി .അങ്ങനെ ഈ യോഗത്തിൽ വച്ച് തലക്കടത്തൂർ ഖാസി തന്റെ 5 ഏക്കർ വിട്ടു നൽകുകയാണെന്നും അറിയിക്കുകയുണ്ടായി. ഈ കടം താൻ വീട്ടി കൊള്ളാം എന്ന് പി.ഡബ്ല്യു.ഡി. കരാറുക്കാരൻ മൂസഹാജി പറഞ്ഞു .അതിനു ശേഷം കളളിക്കൽ അഹമ്മദ് കുട്ടി എന്ന ബാപ്പു ഹാജി പ്രസിഡന്റും പി.എച്ച്.കോയക്കുട്ടി സെക്രട്ടറിയുമായി ഒരു കമ്മിറ്റി രൂപീകൃതമായി. അതായരുന്നു ചെറിയമുണ്ടം സ്കൂളിനു ചുക്കാൻ പിടിച്ച ആദ്യത്തെ കമ്മിറ്റി.
പ്രമുഖകമ്മിറ്റി നേതാക്കൾ താഴെ പറയുന്നവരാണ്.

1.വസ്തുദാനം ചെയ്ത പാട്ടത്തിൽ മാനുഹാജി
2.കെ പി സി സി മെമ്പർ ആയിരുന്ന കളളിക്കൽ കുഞ്ഞീൻ കുട്ടി
3.കുറോടൻ മൂസ ഹാജി
4.കളളിക്കൽ അസൈനാർ ഹാജി
5.എ പി മുഹമ്മദ് ഹാജി
6.പി വി മുഹമ്മദ്

സ്ഥലം കിട്ടി രജിസ്റ്റർ ചെയ്തപ്പോഴേയ്ക്കും ആർ.ശങ്കറിന്റെ മന്ത്രിസഭവിശ്വാസ വോട്ടിൽ പരാജയപ്പെട്ട് രാജിവച്ചു. പീന്നിട് കമ്മിറ്റിയുടെ ശ്രമങ്ങൾക്ക് ചില എതിർപ്പുകൾ വന്നതിനാൽ ഹൈസ്കൂൾ അംഗീകാരം നീണ്ടുപോയി പിന്നീട് മുഹ്സിൻ ബിൻഅഹമ്മദ് എം.എൽ.എ ആയപ്പോൾ പരിചിതനായ കുഞ്ഞനവറാൻ കുട്ടി മാസ്ററർ മാനുഹാജിയെയും കൂട്ടി എം എൽഎ യെകണ്ട്കാര്യം പറയുകയും എം എൽ എ നടപടികൾ സ്വീകരിക്കുകയുംഹൈസ്കൂളിനെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു .പിന്നീട്അന്നത്തെ ചില രാഷ്ട്രീയകാരണങ്ങളാൽ അനുമതി നീളുകയും ചെയ്തു.ചാക്കീരി അഹമ്മദ് കുട്ടി വിദ്യാഭ്യാസ മന്ത്രിയായപ്പോൾ ഹൈസ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മുൻ സർക്കാരിന് നൽകിയഹർജി പ്രകാരം ഹൈസ്കൂൾ പാസാക്കികൊടുക്കുകയും ചെയ്തു.തുടർന്ന് ഹൈസ്കൂൾ കെട്ടിടത്തിന്റെ പണി ആരംഭിക്കുകയും ചെയ്തു.
1987ഒക്ടോബർ 17ന് അന്നത്തെ വിദ്യാഭ്യാസമന്ത്രി ആയിരുന്ന ശ്രീ കെ ചന്ദ്രശേഖരൻ പൂർത്തികരിച്ചഹൈസ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

--------------
--------------
--------------
--------------
-----------



ഐസക്ക് എം വർഗീസ്
എച്ച് എസ് ടി (പി എസ്)

മണ്ണിനടിയിലൊരു പച്ച മഷിക്കു
പ്പിയുണ്ട്
അതല്ലേ ഈ മരങ്ങളത്രയും
വലിച്ചെടുത്തു വരച്ചുവെയ്ക്കുന്നത്......

# ജീവിത പാത

അതേ...ഇന്ന് പലതരം
മേഖലകളിലുംസത്രീകളുടെസാന്നിധ്യംഉണ്ട് .എന്നാൽ ഇന്ന് പലർക്കും അതിനെ തിരിച്ചറിയാൻ
പറ്റുന്നില്ല
എന്നതാൺസത്യം.ഒരുപാട്പ്രാവിശ്യംശ്രമിക്കുംഅതിലുംപരാജയപ്പെട്ടാൽപി-ന്നെ
ആവഴിക്കേതിരിയാറില്ല.അങ്ങനെയുള്ളവർക്ക്
ഇത്ഒരുമോട്ടിവേഷനൽ സറ്റോറിആയിരിക്കും

ഒരുക്കുട്ടിയുണ്ട് അവളുടെപേര് ഞാൻ പറയുന്നില്ല
എല്ലാകുട്ടികളുംപഠിക്കാൻപോകുമ്പോൽ ഇവക്ക്
മാത്രം പോകാൻപറ്റുന്നില്ല.
കാരണം ഇവളുടെ
ദാമ്പത്യജീവിതംകഷ്ടപ്പാടിലാണ്.അവളുടെ
അച്ഛൻ വഴിയിൽ കിടക്കുന്ന
കുപ്പികൾപെവറുക്കിവിറ്റാണ്അവരുടെ ജീവിതം
മുന്നോട്ട് കൊണ്ട്. പോയിരുന്നത്.
ഇവർക്ക്താമസിക്കാൻ പോലും വീട്
ഉണ്ടായിരുന്നില്ല.ചില ദിവസങ്ങളിൽ ഇവർ
പട്ടിണിയായിരിക്കും.
ഇവൾക്ക് നല്ലവണ്ണം വരക്കാൻ സാദിക്കുമായിരുന്നു
ഇവളുടെ
മനസ്സിലുള്ള ആ ഒരുവലിയസ്വപ്നം താൻ
എന്താവണം എന്നത്
എപ്പോഴുംഅവളെ ചിന്തയിൽ മുഴുകിപ്പിച്ചിരുന്നു
എങ്ങനെയുള്ള ചിന്ത എന്നറിണ്ടേ?.......തനിക്ക്
എങ്ങെനെയെങ്കിലുംസ്കൂളിൽപഠിക്കണം അതിനുള്ള
ക്യാഷ്
റെഡിയാക്കണം. അങ്ങനെ അവൾ കിട്ടുന്ന ക്യാഷും
എല്ലാം ഒരുമിച്ചു കൂട്ടി അതുകൊണ്ട് അവളെ സ്കൂളിൽ
ചേർത്തി അവളെ പലരും കളിയാക്കാറുണ്ട്
അവളുടെ കൂട്ടുക്കാർ പോലും .അവൾ
അതെല്ലാം മനസ്സിൽ ഒതുക്കി.
അങ്ങനെ10എത്തിയപ്പോഴേക്കും അവക്ക് അവളുടെ
അച്ഛനെ-
നഷ്ട്പ്പെട്ടു.ഏതൊരു പെൺകുട്ടിക്കും അവളുടെ
എല്ലാമെല്ലാമായ-
അച്ഛനെ നഷ്ടപ്പടുമ്പോൾ അത് മനസ്സിൽ വല്ലാണ്ട്
മുറിവേൽപ്പിക്കും.അച്ഛന്റെ മരണശേഷം അവളാകെ
തളർന്ന്  പോയിരുന്നു.പക്ഷേ അവൾ അതെല്ലാം
മനസ്സിൽ ഒതുക്കി-
അങ്ങനെ 10ൽ ഫുൾ A+വാങ്ങി അവൾ ആദ്യം
പഠിച്ച -
സ്കൂളിൽ തന്നെ അഡ്മിഷൻ എടുത്തു പഠിച്ചു.
അതിനിടയിൽ-
അവക്ക് അവളുടെ കഴിവ് തെളിയിക്കാനുള്ള
അവസരങ്ങൾ-
കിട്ടുമ്പോഴെല്ലാം അവളുടെ ടീച്ചേഴ് സിനോട് പറയും-
എനിക്ക് ഓട്ടോമോട്ടീവ് ടിസൈനിനാണ് താൽപ്പര്യം-
പക്ഷേ ..സാധാരണകുട്ടിക്കുണ്ടാവുന്ന
ടീച്ചറോ,ഡോക്ടറൊ,-
കലക്ടറോ,എന്ജിനിയറോ, ഒന്നുമല്ല ഇത്
അതുക്കൊന്ട് -ആരും ഇവളുടെ താൽപ്പര്യത്തിന്
ആരും കൂട്ടുനിന്നില്ല- അവളോട് അതൊഴുവാക്കാൻ
പറഞ്ഞെങ്കിലും അവൾ കേട്ടില്ല.
അവൾക്ക് അവളുടെ ലക്ഷത്തിനെ കുറിച്ച്-
നന്നായിഅറിവുണ്ടയിരുന്നു. അതുക്കൊണ്ട് അവൾ
ആരെ-
വാക്കും കേട്ടില്ല.അങ്ങനെ +2pass ആയപ്പോൾ നിറ്
ത്തി
അവളുടെ ലക്ഷ്യത്തേക്ക് തിരിഞ്ഞു. വണ്ടിഫുൾ
മോഡേൺ-
ചെയ്യെടുക്കുന്നതാണ്. ഓട്ടോമോട്ടീവ് ടിസൈൻ.
വണ്ടിയെ കുറി-
ച്ച് മനസ്സിലാക്കി അത് പഠിച്ച് അതിന്റെ പരീക്ഷയിൽ
പാസ്സായി
എന്നിട്ടവൾ ആദ്യം ചെയ്തത്. അവൾ നല്ലൊരു വീട്
വെച്ചു അവൾ
ക്കൊരു കുഞ്ഞനിയനുമുണ്ടായിരുന്നു.അവൻക്ക് നല്ല
വിദ്യാഭ്യാസം
കൊടുത്തു വളർത്തി .അന്ന് റോഡരികിൽ കിടന്ന
പലരും
ഇന്ന് എല്ലാവരും അറിയപ്പെടുന്നവരായിതീരുന്നു
അതു തന്നെ-
യാണ് ഇവിടെയും സംഭവിച്ചത്.
അന്ന് അവളെ കളിയാക്കിയ പലരും ഇന്ന് അവളെ
അഭിനന്ദിച്ചു
-- ഇതാണ് പറയുന്നത് നമുക്കൊരു
ലക്ഷ്യംഉണ്ടെങ്കിൽ നമ്മളതിൽ തന്നെ
"focus"ചെയ്യുക തീർച്ചയായും നമ്മളതിൽ
എത്തിചേരുക തന്നെ ചെയ്യും ഒന്നിനേയും പാതിവഴി
ഉപേക്ഷിക്കരുത്.



ഹുസ്ന മോൾ
9A

## അന്നും....ഇന്നും....എന്നും

നീ എന്നോടൊപ്പമുണ്ട്
അന്നും....എന്നും
ഏകാന്ത യാത്രയ്ക്കിടയിലെ
വഴിയോരക്കാഴ്ചകളിൽ
ഉറക്കത്തിലേക്കടയുന്ന
അവസാന
കണ്ണിമയ്ക്കലുകളിൽ!
തപ്തനിശ്വാസങ്ങൾക്ക്
അകമ്പടിയായ്!
നീ എന്നോടൊപ്പമുണ്ട്
അരൂപിയായ്
ഒരു നേർത്ത തേങ്ങലായ്
ഒരു കുളിർത്തെന്നലായ്
ഒരു നനുത്ത സാന്ത്വനമായ്
പടിയിറക്കി വിടാൻ പറ്റാത്ത
നിഴലായ്...നിലാവായ്
നീ എന്നോടൊപ്പമുണ്ട്
ആരും തുറക്കാത്ത
മനച്ചെപ്പിനുള്ളിൽ
കുന്നോളം പോന്ന
കുന്നിമണിയായ്
നീ എന്നോടൊപ്പമുണ്ടാവും
ഇന്നും....എന്നും.

## ഇത്തിൾക്കണ്ണി

എൻ മാതൃ വൃക്ഷം
നിലം പതിച്ചു
ഹുങ്കാരമില്ലാ
നിലം പതിച്ചു
വേരറ്റുപോയൊരാ
ഫലവൃക്ഷ –
ശാഖിയിൽ
നിരറ്റൊരിത്തിൾക്കണ്ണി
ഞാനിനിയെത്രനാൾ?

## കാത്തിരിപ്പ്

ഒറ്റ തിരിഞ്ഞു തപം ചെയ്യും
ചെറുകൊറ്റികൾ പൊലീ
ഞാനും!
തീരം തേടാതുഴലും ചെറു-
തിരമാലകൾ പോലെൻ
സ്വപ്നച്ചിന്തും..!
ഇത്തിരി മങ്ങിക്കത്തും
സ്വപ്നചെരാതിലൊരിത്തിരി
സ്നേഹം
ഇറ്റിയൊഴിക്കാ-
നാരാനീ വഴി വരുമോ
വീണ്ടും??

## സ്വരം

സമാധാനത്തിന്റേതായിരുന്നു
എപ്പോഴുമെന്റെ
സ്വരം
എന്നിട്ടുമാരുമെന്നെ
സമാധാനകാംക്ഷിയായ്
പരിഗണിദച്ചല്ല
ക്ഷോഭങ്ങളൊതുക്കിയായിരു
ന്നു
എപ്പോഴുമെന്റെ
സംവാദം
എന്നിട്ടുമെല്ലാരുമെന്നെ
പ്രക്ഷോഭകാരിയായ്
മുദ്രകുത്തി

ഗീതദേവി

## ഉറുമ്പ്

ഉറുമ്പേ ഉറുമ്പേ
കറുമ്പനുറുമ്പേ
പോകുവതെങ്ങോട്ടാ ?
വരിവരിയായി
നിരനിരയായി
പോകുവതെങ്ങോട്ടാ?

മധുരം നുണയാൻ
പോകുന്നു ഞാൻ
കൂടെക്കൂടുന്നോ?
കൂടെ വന്നാൽ
മതിവരുവോളം
മധുരം നൽകീടാം.

നസീഹ
8A

## കരിയില



ജീവിതം ഒരു കരിയിലയെ പോലെയാണ്
നിരന്തരം-
സഞ്ചരിച്ചു കൊണ്ടിരിക്കുകയാണ്.
കാറ്റ് അതിനെ പല  സ്ഥലങ്ങളിലെക്ക്
നയിക്കുന്നതു
പോലേ ജീവീതം നമ്മെ പല
സന്ദർഭങ്ങളിലേക്ക് നയി-
ക്കുന്നു. ചിലപ്പോൾ ചിരിക്കും കരയും
ദേഷ്യം പിടിക്കും-
ഇതല്ലാം സാധാരണയാണ്.
മനസ്സിൽകിടക്കുന്ന പകയും-
ദ്യേഷ്യവും  എല്ലാം
ഒതുക്കിനടക്കുന്നവരായിരിക്കും പലരും.
മനസ്സിൽ എത്രഎരിയുന്ന വേദനകൾ
നിറഞ്ഞെതാണെങ്കിൽ പുറമെ
ചിരിച്ചായിരിക്കും ഉണ്ടാവുക.എല്ലാ
സന്ദർഭങ്ങളിലും--
ചിരിച്ച് മാത്രമേ ഇരിക്കുക.
സന്ദർഭങ്ങളിൽ നമ്മൾ തന്നെ-
ജീവിതം മാറ്റിമറിക്കണം

അസ്‌ല നസ്‌റി
9A

# ഉമ്മ എന്ന ബാല്യം

വളരെ വൈകിയാണ് ഞാനന്ന് എണീറ്റത് എന്തെന്നറിയില്ല വല്ലാത്തക്ഷീണം എന്നും രാവിലെ അവൾ ഉമ്മയുടെ വിളികേട്ടാണ് ഉണരാറുള്ളത് "ഇന്നെന്തു പറ്റിയെന്നറിയില്ല"
അവൾ കട്ടിലിൽ നിന്നിറങ്ങി കതക് തുറന്ന് നോക്കിയപ്പോൾ അതാ അവിടെ വല്ല്യുമ്മയും മൂത്താപ്പയും. അവൾ ഉമ്മയെ തിരക്കി പക്ഷെ എങ്ങും കാണുന്നില്ല അവളാകെ പരിഭ്രാന്തയായി വല്ല്യുമ്മയോട് കാര്യമന്വേഷിച്ചു അരും ഒന്നും മിണ്ടുന്നില്ല കുറെ പേർ ഉമ്മറത്തിരികുന്നുമുണ്ട് അവരെന്തൊക്കെയോ സംസാരിക്കുന്നു കുറെ സ്ത്രീകളും പുരുഷൻമാരും വരുന്നു.ചന്ദനതിരിയുടെ മണവും അകത്ത് നിന്ന് വരുന്നുണ്ട് കുറെ സ്ത്രീകൾ എന്നെ നോക്കി എന്തൊക്കെയോപിറുപിറുക്കുന്നു.ഞാൻ വീണ്ടും മുന്നോട്ട് നടന്നു അവിടെ അതാ ഉമ്മയുടെ മുറിയിൽ ഉമ്മകിടക്കുന്നു.അത് കണ്ടപ്പോൾ അവളുടെ മുഖത്ത് സന്തോഷത്തിന്റെ പൂവിരിഞ്ഞു പക്ഷെ കുറെ സ്ത്രീകൾ ഉമ്മയുടെ അരികിലിരുന്ന് എന്തൊക്കെയോ ഓതുന്നു എനിക്കൊന്നും മനസ്സിലായില്ല.ഉമ്മാ എന്ന് വിളിച്ച് ഞനോടി ചെന്നു അപ്പോൾ അവിടെ ഉണ്ടായിരുന്നവരുടെ മുഖത്തേല്ലാം സങ്കടമായിരുന്നു ചിലരെല്ലാം കരയുന്നു. ഞാൻ കുറെ നേരം ഉമ്മയെ വിളിച്ചു ഉമ്മ എഴുന്നേൽക്കുന്നില്ല ഞാൻ കരയാൻ തുടങ്ങി കുറച്ച് കഴിഞ്ഞപ്പോൾ വല്ല്യുമ്മ വന്ന് പറഞ്ഞു മോളെ ഉപ്പ ദുബായിൽ നിന്നും വന്നിരിക്കുന്നു നമുക്ക് അങ്ങോട്ട് പോവാം. എനിക്ക് അത് കേട്ടപ്പോൾ അത്ര വല്ല്യ സന്തോഷമോന്നും ഉണ്ടായില്ല കാരണം ഉമ്മ ഇവിടെ കിടക്കുമ്പോൾ എന്നാലും ഞാൻ പോയി പക്ഷെ ഞാൻ അവിടെ ഉപ്പയെ കണ്ടില്ല പിന്നെ ഞാൻ വന്നപ്പോയേക്കും മുറിയിലെ കതകുച്ചിരുന്നു അവർ ഉമ്മയെ എന്തെങ്കിലും ചെയ്യുമെന്ന പേടിയായിരുന്നു എനിക്ക് പിന്നെ കുറെ സമയത്തിന് ശേഷം വാതിൽ തുറന്നു അപ്പോയതാ ഉമ്മയെ ഒരു പെട്ടിക്കകത്താക്കിയിരിക്കുന്നു. ഞാൻ ഉറക്കെ കരയാൻ തുടങ്ങി ഉമ്മയെ കാണണമെന്ന് പറഞ്ഞ്. ഉമ്മക്ക് ശ്വാസം മുട്ടുന്നുണ്ടാവും ആ പെട്ടി അടക്കല്ലേ.... എന്റെ ഉമ്മക്ക് ശ്വാസം കിട്ടില്ല. പിന്നെ എല്ലാവരും വന്ന് എന്റെ ഉമ്മയെ കിടത്തിയ പെട്ടി പൊക്കി കൊണ്ട് പോയി അപ്പോഴും അവർ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. പെട്ടെന്നാണ് അത് സംഭവിച്ചത് എന്റെ മുഖത്തേക്ക് സുനാമി വന്നു അപ്പോയതാ ഉമ്മ മുൻപിൽ " എന്താ നീ ഇങ്ങനെ നോകുന്നത് ? ” "ഇന്നേന്താ പറ്റ്യേ..... മറ്റേത് ഞാൻ വന്ന് വിളിച്ചാ നീ എഴുനേൽക്കുന്നതല്ലേ.... ആ ഒരു വാക്ക് ഉമ്മയുടെ നാവിൽ നിന്നും വീണപ്പോയാണ് എനിക്ക് സമാധാനമായത് ഉമ്മയ്ക്ക് ഒന്നും സംഭവിച്ചിട്ടില്ല. കട്ടിലിൽ നിന്ന് എഴുന്നേറ്റ് ചേന്നപ്പോൾ വല്ല്യുമ്മ കൊലായിൽ മുറിക്കികൊണ്ടിരിക്കുന്നു മുറിക്കിക്കൊണ്ടിരിക്കുന്നു മൂത്താപ്പ അതാ പത്രം വായിക്കുന്നു. അപ്പോഴാണ് ഉപ്പയുടെ ഫോൺ വന്നത് ഞൻ അതേടുക്കാൻ വേണ്ടി ഓടി. അപ്പോഴാണ് എന്റെ ജീവിതത്തിലെ സന്തോഷത്തിന്റെ വാതിലുകൾ തുറക്കപ്പെട്ടത് ദുഃഖത്തിന്റെ വാതിലുകൾ കൊട്ടിയടക്കപ്പെട്ടു....

നഷാ ജബിൻ
6A



# തൻകൈ മാത്രമേ തൻ തലയ്ക്കിരിക്കൂ

ഒരു കർഷകൻ മത്സ്യകൃഷി ചെയ്യുന്നകുളത്തിന്റെ കരയിൽ ഒരു ഞണ്ടും കുടുംബവും താമസിക്കുന്നുണ്ടായിരുന്നു.ഒരു നാൾ കർഷകൻ മകനോട് പറഞ്ഞു സാറെ നമ്മുടെ അയൽക്കാരോട് വെള്ളം വറ്റിക്കാനുള്ള ഉപകരണങ്ങളുമായി വരാൻ പറയണം. കാലാവസ്ഥ പ്രതികൂലമായാൽ മീൻ പിടുത്തം ബുദ്ധിമുട്ടാകും അവരുടെ സഹായത്തോടും കൂടി നാളെത്തന്നെ മീൻ മുഴവൻ പിടിച്ചു തീർക്കാം ഇതു കേട്ട ഞണ്ടു കുടുംബത്തിലെ ഒരംഗം ഈ വിവരം മുതിർന്ന അംഗത്തെ ധരിച്ചു ഇതുകേട്ട ഞണ്ട് കാരണവർ പറഞ്ഞു.ഇവിടെ നിന്നു താമസം മാറേണ്ട സമയമായിരിക്കുന്നു പക്ഷെ നാളെ പോണ്ടി വരില്ല പക്ഷെ അവരുടെ സംഭാഷണം ശ്രദ്ധിക്കണം . കർഷകനും മകനും വൈകുന്നേരം വരെ അയൽ ക്കാരെ കാത്തിരുന്നു ആരും അവരെ സഹായിക്കാൻനെത്തിയില്ല . കർഷകൻ മകനോട് ചോദിച്ചു നീ അയൽക്കാരോട് വിവരം ധരിപച്ചായിരുന്നോ മകൻ. പറഞ്ഞായിരുന്നു അഛൻ നന്ദി കെട്ടവർഗ്ഗങ്ങൾ.നമ്മൾ സഹായിച്ചതൊക്കെ അവർ മറന്നിരിക്കുന്നു . നീ നാളെ നമ്മുടെ കുടുംബ സുഹൃത്തുക്കളെ വിചരം അറിയിക്കണം. അവർ വരാതിരിക്കില്ല. ഈ വിവരവും അവർ ഞണ്ട് കാരണവർ . പേടിക്കേണ്ട നാളെയും ഒന്നും നടക്കില്ല.പിറ്റേ ദിവസം കർഷകനും മകനും വൈകുന്നേരം വരെ കുടുംബ. സുഹൃത്തുക്കളെ കാത്തിരുന്നു . പക്ഷെ ആരും വന്നില്ല കർഷകൻ മകനോട് പറഞ്ഞു നീ നാളെ നമ്മുടെ ബന്ധുക്കളെ വിവരം അറിയിക്കണം .പക്ഷെ പിറ്റേന്നും ആരും വന്നില്ല.

അന്നും വൈകുന്നേരം കർഷകൻ മകനോട് പറഞ്ഞു:–ഇനി ആർക്കും വേണ്ടിയും കാത്തു നിന്നിട്ടു കാര്യമില്ല നീ വറ്റിക്കാനുള്ള ഉപകരണങ്ങൾ വാടകയ്ക്കെടുത്തു വരണം ഇതറിഞ്ഞ ഞണ്ട് കാരണവർ പറഞ്ഞു. “അവനവർ തന്നെ തുനിഞ്ഞിറങ്ങിയാൽ ഏതു കാര്യവും നടക്കും മറ്റുള്ളവരെ ആശ്രയിച്ചാൽ ഒരു കാര്യവും സമയത്ത് നടക്കണമെന്നില്ല നാളെയെന്തായാലും അവൻ കുളം വറ്റിക്കുകയും മീൻ പിടിക്കുകയും ചെയ്യും. നമ്മുടെ വാസസ്ഥലം നശിപ്പിക്കാൻ സാധ്യതയുണ്ട് .അതുകൊണ്ട് ഇന്നു തന്നെ താമസം മാറണം പിറ്റെ ദിവസം തന്നെ കർഷകൻ കുളം വറ്റിക്കുകയും മീൻ പിടിക്കുകയും ചെയ്തു

...........................................................................................................



ഫാത്തിമ തിഫ്ന
8A

# ചോല

– ചെനയെ കുറിച്ചുള്ളള്ളപഠനം
ഞങ്ങളുടെ സ്കൂൾ ഒരു കുന്നിൻ മുക
ളിലാണ്. ചുറ്റു ഭാഗങ്ങളിലും താഴ്വര
കളാണ്.ഈ കുന്നിൻമുകളൽ
ചെങ്കൽ പാറകൾ ധാരളമുണ്ട്. ഈ
പാറകൾ പലതും ഗ്രവുണ്ട് നിർമാ
ണത്തിനും ,പുതിയ കെട്ടിടങ്ങൾ
ഉണ്ടാക്കുന്നതിനും മറ്റു മുൻകാലങ്ങ
ളിൽ നിരപ്പാക്കപ്പെട്ടു. ഇത് ഇവിട
ത്തെ
ആവാസവ്യവസ്ഥയെയും ജൈവ
വൈവിധ്യത്തെയും ബാധിച്ചിട്ടുണ്ട്.
ജീവജാലങ്ങളുടെ പരസ്പര ശ്രുയത്വം
ആഹാര ബിന്ധങ്ങളിൽ മാത്രമല്ല
വാസസ്ഥലത്തുമുണ്ട് ജീവികൾ തമ്മി
ലുള്ള ഈ ബന്ധത്തോടൊപ്പം അവ
ചുറ്റുപാട്ടുമുള്ള അജീവീയ ഘടകങ്ങ
ളെ ആശ്രുയിക്കുന്നു.മണ്ണ്, വായു,
ജലം എന്നിവ ജീവ ജാലങ്ങളുടെ നി
ലനിൽപ്പിന് സഹായിക്കുന്നതെങ്ങ
നെയെന്നും ഈ പഠനത്തിലൂടെ
മനസിലാക്കപെടുന്നു. പ്രകൃതിയി
ലെ ജീവബന്ധങ്ങളുടെ ആഴവും പര
പ്പും തിരിച്ചറിയുന്നതിനും
പ്രകൃതിയിലെ ഓരോ ജീവിയും പുലർ
ത്തുന്ന പരസ്പരശ്രുയത്വം ഉൾക്കൊ
ള്ളുന്നതിനും സഹായിക്കും.
ജൈവവൈവിധ്യത്തിന്റെ അവസ്ഥ
ബോധ്യപെടുത്തുന്നതിനും സഹാ
യകമാകുന്നു.

ജീവികളുടെ നിലിൽ
പ്പിന് ജൈവവൈവിധ്യം എത്രമാ
ത്രം അത്യാന്താപേക്ഷിതമാണ് എന്ന്
മനസ്സിലാക്കി ജൈവവൈവിധ്യം
ശോഷണത്തിനും വിവിധ സംരക്ഷ
ണം പ്രവർത്തനങ്ങൾ ഏറ്റെടുക്ക
ന്നതിനും അങ്ങനെ കുട്ടികൾ പ്രകൃതി
സംരക്ഷിക്കാനായി സ്വയം മാറേ
ണ്ട മനോദാവം വളർത്താനും കഴി
യുന്നു. ഞങ്ങളുടെ സ്കൂൾ
വിശാലമായ അഞ്ചര ഏക്കറിലാ
ണ് സ്ഥിതി ചെയ്യുന്നത്. ഇവിടെ
ചെങ്കൽ പാറകൾക്കിടയിൽ സ്ഥി
തി ചെയ്യുന്ന സ്വാഭാവിക ജല സ്രോ
തസ്സാണ്. "ചെന" എന്നറിയപ്പെടുന്ന
ചെറിയ കുളം. ഈ ചെനയുള്ളതി
നാൽ ഈ പ്രദേശം പ്രാദേശികമാ
യി "ചെനപ്പുറം" എന്നറിയപ്പെടുന്നു.

റിൻഷ ഫാത്തിമ ഒ എം
9A



# എലിയെ ചതിച്ച തവള

ഒരിക്കൽ ഒരു കുഞ്ഞനെലി നാട് കാണാൻ ഇറങ്ങി ജിവിതത്തിൽ കുറച്ച് സാഹസികത വേണമെന്ന തോന്നലാണ് കുറെ വർഷങ്ങളായി താമസിച്ചിരുന്ന തട്ടിൻ പുറം വിട്ട് പുറത്തേക്കിറ-ങ്ങാൻ അവനെ പ്രേരിപ്പിച്ചത്.പലയിടത്തും കറങ്ങിത്തിരിഞ്ഞു.പലതും കണ്ടും കേട്ടും അവൻ ആസ്വദിച്ചു.അങ്ങിനെയാണ് ഒടുക്കം അവൻ ഒരു കുളത്തിൽ കരയിലെത്തിയത്.
കുളത്തിൽ താമസിച്ചിരുന്ന ഒരു തവള ഈ സമയം വെയിൽ കായാനായി കരയിലെത്തി.എലിയെ കണ്ടതും തവളയ്ക്ക് കൗതുകമായി.അവൻ എലിയുടെ അടുത്ത് ചെന്ന് കുശലം ചോദിച്ചു.താൻ നാട് കാണാനിറങ്ങിയതാണെന്നും. കുറെ കാഴ്ചകൾ കണ്ടു മടുത്തുവെന്നും എലി പറഞ്ഞു.
“കരയിലെ കാഴ്ചകൾ കണ്ടു കഴിഞ്ഞെങ്കിൽ നീ എന്റെ കൂടെ പോരുന്നോ? ഞാനീ കുളത്തിലെ കാഴ്ചകൾ കാണിക്കാം” തവള ക്ഷണിച്ചു.
എലിയ്ക്ക് അതൊരു രസകരമായ കാര്യമായിരിക്കുമല്ലോ എന്ന് തോന്നി.കുളത്തിലേയ്ക്ക് ഒരു യാത്ര! അത് തീർ ച്ചയായും സാഹസികമായിരിക്കും. പക്ഷേ അവൻ നീന്തലറിയില്ലായിരുന്നു. വെള്ളത്തിൽ വീണാൽ തന്റെ കാര്യം പോക്കാകുമെന്ന് അവനറിയാം. അത് കൊണ്ട് അവനൊന്ന് മടിച്ചു. പക്ഷേ തവളയുണ്ടോ വിടുന്നു. തവള എലിയെ നിർബന്ധിച്ചു.എന്നിട്ട് ഒരു വള്ളിയെടുത്ത് തന്റെ ഒരു കാൽ എലിയുടെ ഒരു കാലുമായി ബന്ധിച്ചു.

“ഇനി നീ മുങ്ങിച്ചാകുകയില്ല.എന്തു സംഭവിച്ചാലും ഞാൻ നിന്നെ രക്ഷിച്ചോളാം”.തവള പറഞ്ഞു. എന്നിട്ട് കുളത്തിലേക്ക് എടുത്തു ചാടി.എലിയെയും വലിച്ചു കൊണ്ട്! ആദ്യം വെള്ളത്തിന് മുകളിലൂടെ തെന്നി തെന്നി പോകാമേ എലിയ്ക്ക് നല്ല രസം തോന്നി. എന്നാൽ കുറച്ചു കഴിഞ്ഞതും അവൻ വെള്ളത്തിൽ മുങ്ങാൻ തുടങ്ങി. എലി തവളയോട് എനിക്ക് മതിയെന്ന് വിളിച്ച് പറഞ്ഞു. എലിയുടെ പരാക്രമം കണ്ട തവളയ്ക്ക് രസം കയറി. തവള എലിയെയും കൊണ്ട് വെള്ളത്തിനടിയിലേയ്ക്ക് മുങ്ങാം കുഴിയിട്ടു. അപ്പോഴാണ് ആകാശത്തു വട്ടമിട്ട് പറക്കുകയായിരുന്ന ഒരു പരുന്ത് വെള്ളത്തിൽ കിടക്കുന്ന എലിയെ കണ്ടത്. പരുന്ത് ഒരു കുതിപ്പിന് താഴെയെത്തി തന്റെ നഖങ്ങളിൽ എലിയെയും കോർത്ത് പറന്നുയർന്നു.എലിയോടൊപ്പം തവളയും പരുന്തും മുകളിലേയ്ക്കുണർന്നു.അവന് തന്റെ കാലിലെ കെട്ടയിക്കാൻ കഴിഞ്ഞിരുന്നില്ല.അങ്ങിനെ എലിയെ ചതിച്ചു കൊന്ന തവളയും അന്ന് പരുന്തിന്റെ ഭക്ഷണമായി.

ഫാത്തിമ റിഫ്ന.പി.പി



# കാറ്റ്

മുല്ലപ്പൂ തല്ലിക്കൊഴിച്ച കാറ്റെ
കള്ളനെപോലെ മറഞ്ഞ കാറ്റേ
നിന്മുഖം കാണുവാനെത്ര നാളായ്
ഉമ്മറത്തിണ്ണയിൽ ഞാനിരിപ്പൂ
എങ്ങുമേ കാണുവാനില്ല പക്ഷേ
ഉമ്മ വെയ്ക്കുന്നു നീയെൻ കവിളിൻ
ഒന്നെന്റെ കണ്മുന്നിൽ വന്നുകൂടേ
മുല്ലപ്പൂ തല്ലിക്കൊഴിച്ച കാറ്റേ
കള്ളനെ പോലെ മറഞ്ഞ കറ്റേ
നിന്മുഖം കാണുവാനെത്ര നാളായ്
ഉമ്മറത്തിണ്ണയിൽ ഞാനിരിപ്പൂ
എങ്ങുമേ കാണുവാനില്ല പക്ഷേ
ഉമ്മ വെയ്ക്കുന്നു നീയെൻ കവിളിൻ
ഒന്നെന്റെ കണ്മുന്നിൽ വന്നുകൂടെ
ഒന്നിച്ചോരല്പ്പം കളിച്ചുകൂടേ....

അശ്വനി.8A



## തോരാത്ത മഴ

വെളിച്ചം
മാഞ്ഞുതുടങ്ങി
ആകാശം കറുത്തു
ചുറ്റുപാടു ഇരുട്ടിലേക്ക്
നീങ്ങിതുടങ്ങി
കിളികളുടെ അലർച്ച ,
കാർമേഘം നിറഞ്ഞു
ഞാൻ പുറത്തിറങ്ങി
കാലിലേക്ക് ഒരിറ്റ്
വെള്ളം വീണു
മേലോട്ടുനോക്കി
മുത്തുപോലങ്ങനെ
മഴ പെയ്യാൻതുടങ്ങി
ഞാൻ വേഗം
വീട്ടിലേക്കോടി
അന്നത്തെ ദിവസം
മഴ
ഭയങ്കരമായിരുന്നു.
ഇടി,മിന്ന്,മഴയുടെ
പൊടിപൂരം ഒരോ
ഇടിയിലും ഞാൻ
പേടിച്ചിരിക്കുകയാണ്
ഞാനും ഉമ്മയും
അനിയനും
മാത്രമായിരുന്നു
വീട്ടിൽ. ഉമ്മയും
അനിയനും കിടന്നു
ഞാൻ അവിടെ
പഠിക്കുകയായിരുന്നു
പെട്ടെന്ന് കരന്റ്
പോയി ഞാൻ
മെഴുകുതിരി
എടുക്കാൻ വേണ്ടി
അടുകളയിലേക്ക്
പോയി അവിടെ
നിന്ന് മേഴുകുതിരി
എടുത്തു കത്തിച്ച്
റൂമിലേക്ക് വന്നു
ചൂട്കാരണം ജനൽ
തുറന്നിട്ടു പുറത്തേക്ക്
നോക്കിയപ്പോൾ മഴ
നിന്നിട്ടില്ല കുറച്ച്
കഴിഞ്ഞപ്പോൾ
ഭയങ്കരമായി കാറ്റ്
വീശാൻ തുടങ്ങി
ഞാൻ
കത്തിച്ചുവെച്ചമെഴുകു
തിരി കാറ്റ് കാരാണം
അണഞ്ഞു ഞാൻ
മെഴുകുതിരി
കത്തിക്കാൻ വേണ്ടി
അടുകളയിൽ
പോയപ്പോൾ
മുഖത്തേക്ക്  ഒരിറ്റ്
വെള്ളം വീണു
അപ്പോഴാണ് ഞാൻ
ഉറക്കത്തിൽ നിന്ന്
എണീക്കുന്നത്

### ഷിഫാന വി
### 9A



## എന്റെ സ്കൂൾ

വീടുവീട്ട് ഈ സ്കൂളിൽ
ഞാനുമിന്നോരു വിദ്യാർത്ഥി . . . .
സ്കൂളോരുക്കി ചെനപ്പുറത്ത്
ഞാനു മിന്നൊരു വിദ്യാർത്ഥി
പല വീട്ടിലെ വിദ്യാർത്ഥികൾ
അവരിവിടെ സഹോദര്
അവരോന്നായി പാടുകയാ . . . .

നഷ ജബിൻ
6A



# പള്ളിക്കൂടം

ഞാൻ ഈ സ്ക്കുളിൽ പഠിക്കുന്ന വിദ്യർത്ഥിയാണ് ഞാൻ ഇന്ന് പറയാൻ പോകുന്നത് എന്റെ ഈ സ്ക്കുളിൽ ഓരോ വിഷയത്തിനും ഓരോ അധ്യാപകർ ഏതെകിലും വിഷയം ആകുമ്പോൾ ആ അധ്യാപകൻ വന്നില്ലെകിൽ വേറെ അധ്യാപകൻ വന്ന് ക്ലാസെടുക്കും കലാമേള , അസംബ്ലി എന്നത് പോലുള്ള പ്രത്യക പരിപാടികൾ നടത്താനായി ഒരു ഓഡിറ്റോറിയം 10,+2 എന്നിവർക്കുള്ള സ്പെഷൽ ക്ലാസ് എന്റെ ഈ വിദ്യാലയത്തിൽ ഉണ്ട് പഠനവുമായി ബന്ധപ്പെട്ട കൗൺസ്ലിംങ് പഠനത്തിൽ പിന്നോട്ടുള്ള കുട്ടികൾക്ക് വിജയസ്പർശം എന്ന പദ്ധതിയുണ്ട്. ഓരോ ക്ലാസിനും ആവശ്യമായ സാക്രീന് , ലാപ് എന്നിവയുണ്ട് ഓരോ ക്ലാസിലും up, HS ക്ലാസുകൾക്കും വേറെ വേറെ IT ലാബുകൾ ഉണ്ട് 7 വർഷമായി 100% വിജയം കൈവരിച്ചതിനാൽ സർക്കാർ പുതിയ കെട്ടിടം ഉണ്ടാക്കാൻ ഫണ്ട് പാസാക്കി അതുകൊണ്ട് ഞങ്ങളുടെ സ്കുളിൽ പുതിയ കെട്ടിടം വന്നു. ......................................................................................

അൻഷിദ.കെ
9A

# ഒറ്റയാൻ കിളി

കണ്ടു ഞാൻ നിന്നെ സന്ധ്യ-
യാം മിഴിയില് ഇല്ലാത്തൊരൊ-
റ്റയാനൻ കിളി നീ
കണ്ടു ഞാൻ നിന്നെ പനയോല-
ത്തുമ്പത്തു
മഴന്നനഞ്ഞിരിക്കുന്നൊരറിയാൻ
കിളിയെ.എവിടെ മെന്നില്ലാതെ
വന്നിരിക്കു
ന്നു നീ മുകമാം രാവിന്റെ നോവിൽ നീ
മുഖം മറയ്ക്കുന്നു.ലോകവും മാറുന്നു
കാലവും മാറുന്നു അതിനാകയാൽ ഞാ
ൻ തനിച്ചാകുന്നു ചന്ദ്രനെപ്പോലെ-
സൂര്യനെ പോലെ നനിച്ചിരിക്കുന്നു

ദേവനന്ദ
8A



# അനുഭവം ഒരു പാഠപുസ്തകം

ക്രിസ്തുമസ് ആഘോഷം സ്കൂളിൽ നടക്കുമ്പോഴാണ് ഒരുകുട്ടിഎന്റെ- അടുത്തേക്ക് വന്നത് പതിനഞ്ച്കാരിയുടെ അമ്മക്ക് അവളിൽ ഒരു- വിശ്വാസവും ഇല്ലയെന്നുള്ളതായിരുന്നു അവളുടെ സങ്കടം അച്ഛന്റെയും അമ്മയുടെയും മൂന്നുമക്കളിൽ മൂന്നാമത്തവൾ മോശമല്ലാത്ത ജീവിത സാഹചര്യം. കൂടുതൽ സംസാരിച്ചപ്പോൾഒരു കാര്യം മനസ്സിലായി. രണ്ട് ദിവസമായി അവളുടെ മനസ്സ് വല്ലാതെ ഒരു ഭാരം അനുഭവപ്പെടുന്നുണ്ടെന്ന് പതുകെ അവളുടെ ഒഴിവ്സമയം ചിലവഴിക്കുന്നത് ചോദിച്ച് മനസ്സിലാക്കി.അടുക്കളതോട്ടം നനക്കുന്നതും കോഴികൾക്ക് തീറ്റകൊടുക്കുന്നതും അവളാണ് എങ്കിലും രണ്ട്ദിവസമായി ഇതിലൊന്നും താൽപര്യമില്ലാത്തഅവസ്ഥ .എങ്കിൽ പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും സ്ക്കൂളിൽ കൃത്യമായിവരികയും ചെയ്യുന്നു.

അവളുടെ അമ്മഒരുദിവസം അയൽപക്കത്തുള്ളസ്ത്രീയുമായി സ്വാഭാവികമായി സംസാരിക്കുന്നതിനിടക്ക് എന്റെ മകൾക്ക് നല്ല മാർക്ക് കിട്ടുമെന്നുള്ള വിശ്വാസം എനിക്കില്ലെന്നും നല്ല സ്ക്കൂളിൽ അഡ്മിഷൻ കിട്ടുന്നകാര്യം ഉറപ്പില്ലെന്നും പറയുന്നത് അവൾകേൾക്കാനിടയായി. ഇത് അവളെ വല്ലാതെ വിഷമിപ്പിച്ചു. ഇതാണ് അവളുടെ സങ്കടത്തിന്റെ ഇപ്പോഴത്തെ കാരണം.അമ്മയുടെ വാക്കുകൾ ഓർക്കുമ്പോൾ എന്നിലുള്ള ആത്മവിളശ്വാസവും ധൈര്യവും നഷ്ടപ്പെടുന്നു.ഞാൻ എന്റെ അമ്മ എന്നെക്കുറിച്ച് ഒരിക്കലും ഇങ്ങനെ പറയുന്നത് എന്ന് ചിന്തിച്ചിട്ടില്ലാ എന്ന് പറഞ്ഞ ഒരുപാട് പൊട്ടികരയുകയും അമ്മയുടെ മനസ്സിൽ അവളെക്കുറിച്ച് തെറ്റ്ധാരിക്കപ്പെട്ടതുകൊണ്ട ്ആധിയും വിഷാദയും നിറയാൻ ഒട്ടുതാമസമുണ്ടാവില്ല എന്ന് എനിക്ക് മനസ്സിലായി അവളുടെ എല്ലാ അവസ്ഥ മനസ്സിലായി. കൂടാതെ ജീവിതത്തിലെ വിവിധ സാഹചര്യങ്ങളിൽ നിഷേധാത്മകവും പ്രതിക്കുലമായ അനുദവങ്ങൾ ഉണ്ടാകുമ്പോൾ അതിൽ നിന്ന് പോസ്റ്റീവ് കാര്യങ്ങൾ തിരഞ്ഞെടുക്കുകയും ചിന്തിക്കുകയും ചെയ്യണമെന്നും അപ്പോൾ നിരാശകൾ അകറ്റി സന്തോഷവും സംതൃപ്തിയും നിറക്കാന് ഇടയാകുമെന്നും ബോധ്യപ്പെടുത്തുകയുംചെയ്യ്തു ഒപ്പം അവരുടെ മാതാപിതാക്കാളുമയി കൂടികാഴ്ചനടത്തുകയും ചെയ്യതു ഏതൊരു കുട്ടിയും സ്വന്തം രക്ഷിതാക്കൾ അവരെ കുറ്റപ്പെടുത്തുക,അവരെ വിശ്വാസിക്കാതിരിക്കുക,കളിയാക്കുക, തുടങ്ങികുട്ടികളുടെ വ്യക്തി വികസനത്തെയു സാമൂഹിക വളർച്ചയെയും വലിയ- തോതിൽ ബാധിക്കുമെന്ന രക്ഷിതാക്കളെ ബോധ്യപ്പെടുത്തി അമ്മയുടെ വാക്കുകളിൽ നിന്നു അവൾക്കുകിയ മാനസിക മുറിവിന്റെ ആഴം എത്ര വലുതാണെന്ന് വസ്തുത അമ്മക്കബോധ്യപ്പെട്ടു.അമ്മ അവളെ ഉമ്മ വെക്കുകയും ഇനിഒരിക്കലും അമ്മയുടെ ഭാഗത്ത് നിന്ന് ഇത്തരംപെരുമാറ്റം ഉണ്ടാവില്ലെന്ന് അവൾക്ക് മനസ്സിലായി വളരെ സന്തോഷത്തോടെ അമ്മയും പരസ്പരം ചിരിച്ച് കൗൺസലിങ്ങ് റൂമിനുള്ളിൽ നിന്നും പ്റത്തേക്ക് പോയി .നാം ഏതൊരു അവസരത്തിലും കുട്ടികളുടെ കൂടെ ഉണ്ടാകുമെന്ന് തോന്നൽ അവരിൽ സൃഷ്ടിക്കാൻ ഏതൊരു മാതാപിതാക്കൾക്ക്കഴിയണം എങ്കിൽമാത്രമാണ് അവരിൽ ആത്മവിശ്വാസവും അഭിമാനബോധവും വളർത്താൻ കഴിയുകയുള്ളൂ.നമ്മുടെ വാക്കുകൾ കുട്ടികളെ തളർത്തുന്നത് ആയിരിക്കരുതെന്നെ വളർത്തുന്നത് ആവണമെന്നുള്ള വലിയ ഒരു ചിന്ത ഈ അനുഭവത്തിൽ കൂടി രക്ഷിതാവന്നെ നിലയിൽ എനിക്കും മനസ്സിലാക്കാൻ സാധിച്ചുവെന്ന് ഞാൻ ഇവിടെ രേഖപ്പെടുത്തട്ടെ !

മുഹ്സിന എം
സ്ക്കൂൾ കൗൺസില്ലർ

# THE END